(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് നൽകിയ ഹർജി തീർപ്പാക്കിക്കൊണ്ട് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം പരിഗണിക്കണമെന്നും നിയമാനുസൃതം ആവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അവരെ യഥാവിധി കേൾക്കണമെന്നും ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

താനൂർ ബദർപള്ളി പാലം

264(3150) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച താനൂർ ബദർപള്ളി പാലത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ബദർപള്ളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചു പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായ ശേഷമേ തുടർ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

ഗ്രീൻ ബിൽഡിംഗ് പോളിസി

265(3151) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly